# വി. ജോൺ വിയാനി



ഫാ. ജോസ് വെട്ടിക്കാട്ട് കപ്പൂച്ചിൻ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# സമാധാന പ്രാർത്ഥന

കർത്താവേ,

എന്നെ അങ്ങയുടെ സമാധാനത്തിന്റെ

ഒരു ഉപകരണമാക്കണമേ.

വിദ്വേഷമുള്ളിടത്ത് സ്നേഹവും

ദ്രോഹമുള്ളിടത്ത് ക്ഷമയും

സന്ദേഹമുള്ളിടത്ത് വിശ്വാസവും

നിരാശയുള്ളിടത്ത് പ്രത്യാശയും

അന്ധകാരമുള്ളിടത്ത് പ്രകാശവും

സന്താപമുള്ളിടത്ത് സന്തോഷവും

ഞാൻ വിതയ്ക്കട്ടെ.

ദിവ്യനാഥാ!

ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ

ആശ്വസിപ്പിക്കുന്നതിനും

മനസ്സിലാക്കപ്പെടുന്നതിനേക്കാൾ

മനസ്സിലാക്കുന്നതിനും

സ്നേഹിക്കപ്പെടുന്നതിനേക്കാൾ

സ്നേഹിക്കുന്നതിനും

എനിക്കിടയാക്കണമേ.

കൊടുക്കുമ്പോഴാണ്

ഞങ്ങൾക്കു ലഭിക്കുന്നത്.

ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ

ക്ഷമിക്കപ്പെടുന്നത്.

മരിക്കുമ്പോഴാണ് ഞങ്ങൾ

നിത്യജീവിതത്തിലേക്ക്

ജനിക്കുന്നത്.



*വി. ഫ്രാൻസീസ് അസ്സീസി*

www.malankaralibrary.com



# വി. ജോൺ വിയാനി

ഫാ. ജോസ് വെട്ടിക്കാട്ട് കപ്പൂച്ചിൻ

www.malankaralibrary.com

Inspirational Reading Series No. 57

# Visudha John Vianny

by

Fr. Jose Vettickat Capuchin

Copyright - The Author

April 2014

Published by:
The Author
Ph: 9447173543
Cover Design & Layout : Biju George

Price: ₹ 25.00



www.malankaralibrary.com

## ആമുഖം

പ്രാർത്ഥനയും വ്യക്തിപരമായ പ്രായശ്ചിത്തവും വഴി, ലൗകായതികതയിൽ മുഴുകിയിരുന്ന ഫ്രാൻസിലെ ആർസ് ഇടവകയിലെ ക്രിസ്തീയ ജീവിതത്തെ പുനരുദ്ധരിച്ച, എളിയവനും ലളിതനുമായ ഒരു ഇടവക വൈദികനായിരുന്നു ജോൺ മരിയ വിയാനി. ജീവിച്ചിരുന്നപ്പോഴും മരണശേഷവും അദ്ദേഹത്തിന്റെ പ്രാർത്ഥനവഴി അത്ഭുതങ്ങൾ നടന്നു. പൗരോഹിത്യത്തിന്റെ അത്ഭുതങ്ങൾ വി. കുർബ്ബാനയും കുമ്പസാരക്കൂടും ആണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. പരിശുദ്ധ അമ്മയോടുള്ള അദ്ദേഹത്തിന്റെ ഭക്തി പ്രസിദ്ധമാണ്. സഭയും രാഷ്ട്രവും വിശുദ്ധനായ ഈ വൈദികനെ ആദരിക്കുവാൻ മുന്നോട്ടു വന്നു.


www.malankaralibrary.com

വിശുദ്ധർ നമ്മെപ്പോലുള്ളവർ തന്നെ,

അതേ സമയം വളരെ വ്യത്യസ്തരും.

ഒരുവനു പ്രചോദനം ലഭിക്കുന്നത്

ഈ വ്യത്യാസം കണ്ടെത്തുമ്പോഴാണ്.

ഈ വ്യത്യാസം കണ്ടെത്തണമെങ്കിൽ

വിശുദ്ധരെ അറിയണം.

വിശുദ്ധരെ അറിയണമെങ്കിൽ

അവരുടെ ചരിത്രം അറിയണം.

അവരുടെ ചരിത്രം അറിയണമെങ്കിൽ

അതു വായിക്കണം.

അതിനാഗ്രഹമുള്ളവരെ സഹായിക്കുക

എന്നതാണ് ഈ ചെറുകൃതിയുടെ ലക്ഷ്യം.

www.malankaralibrary.com

## ഫ്രഞ്ച് വിപ്ലവം

പ്രകൃതി സൗന്ദര്യത്തിന്റെ കാര്യത്തിൽ ഫ്രാൻസ് പ്രസിദ്ധണാണ്. മദ്ധ്യശതകങ്ങളിൽ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ് എല്ലാവരും കൊതിക്കുന്ന ഒരു പട്ടണമായിരുന്നു. കാലക്രമേണ ഫ്രാൻസിന് അതിന്റെ മഹത്വമെല്ലാം നഷ്ടപ്പെട്ടു. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യം ആയപ്പോഴേയ്ക്കും നാടു മുഴുവൻ കുത്തഴിഞ്ഞ അവസ്ഥയായി. ജനങ്ങളുടെ കാര്യത്തിൽ താല്പര്യമില്ലാത്ത സുഖലോലുപരായ രാജാക്കന്മാർ, പ്രഭുക്കന്മാരുടെ കുത്തഴിഞ്ഞ ജീവിതം, ജനങ്ങളുടെ ധാർമ്മികാധഃപതനം, കപടഭക്തരായ സഭാനേതാക്കന്മാർ ഇതെല്ലാം ഈ അധോഗതിക്കു കാരണമായി. പ്രഭുക്കന്മാർക്ക് ജനങ്ങളുടെ നന്മയിൽ അശേഷം താല്പര്യമില്ലായിരുന്നു. സഭാ നേതൃത്വം രാജാക്കന്മാരെയും പ്രഭുക്കന്മാരെയും പിൻതാങ്ങിക്കൊണ്ട് സുഖജീവിതം നയിച്ചിരു



www.malankaralibrary.com

ന്നു. പണവും അധികാരവും എല്ലാ തലങ്ങളിലുമുള്ള നേതാക്കന്മാരെ ദുഷിപ്പിച്ചു. ഇവരുടെയെല്ലാം സുഖജീവിത്തതിനുവേണ്ട പണം പാവപ്പെട്ട കൃഷിക്കാരിൽനിന്ന് നികുതിയായി ഈടാക്കിയിരുന്നു. അവരുടെ കൃഷിയിൽനിന്നു ലഭിച്ച ആദായത്തിൽ സിംഹഭാഗവും നികുതിയായി രാജാവ് പിരിച്ചെടുത്തിരുന്നു. പിന്നെ ഉണ്ടായിരുന്നതിൽനിന്ന് അധികഭാഗവും ഭൂനികുതിയായി പ്രഭുക്കന്മാരും പതവാരവും സ്തോത്രക്കാഴ്ചയുമായി പള്ളിയും കൈക്കലാക്കിയിരുന്നു. അങ്ങിനെ പാവപ്പെട്ട കൃഷിക്കാർ എല്ലാത്തരത്തിലും ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയരായിരുന്നു. അതു ഒരു വലിയ പൊട്ടിത്തെറിയിലേയ്ക്കു നാടിനെ എത്തിച്ചു. ഒരു ആഭ്യന്തര കലാപത്തിലേയ്ക്കു നയിച്ചു.

1789-ൽ സഹികെട്ട ജനങ്ങൾ ആയുധമെടുത്ത് തലസ്ഥാനമായിരുന്ന പാരീസിലേയ്ക്കു കുതിച്ചു. റൂസ്സോയുടെയും വോൾട്ടെയറിന്റെയും എഴുത്തുകളും പ്രസംഗങ്ങളും അവരുടെ പ്രതികാരാഗ്നിയെ ആളിക്കത്തിച്ചു. വിപ്ലവക്കാർ രാജകൊട്ടാരം ആക്രമിച്ച് രാജാവിനെയും കുടുംബാംഗങ്ങളെയും നിഷ്ക്കരുണം വധിച്ചു. വിപ്ലവം എല്ലാ പട്ടണങ്ങളിലേയ്ക്കും വ്യാപിച്ചു. പ്രഭുക്കന്മാരെയും ഭൂവുടമകളെയും പിടിച്ചു നിർദ്ദയം കൊന്നുകളഞ്ഞു. പ്രഭുക്കന്മാർക്കൊപ്പം ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്ന സഭാധികാരികളെയും അവർ വെറുതെ വിട്ടില്ല. പാവങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളേണ്ടിയിരുന്ന സഭ


www.malankaralibrary.com

യ്ക്കെതിരെയും ജനങ്ങൾ തിരിഞ്ഞു. രാജാവിന്റെ സൈന്യം വിപ്ലവകാരികളെ നേരിടുകയും ആയിരിക്കണക്കിന് ആളുകളെ കൊല്ലുകയും ചെയ്തെങ്കിലും അവർക്ക് പിടിച്ചു നില്ക്കാൻ കഴിഞ്ഞില്ല. തുടർന്നുണ്ടായ അതിക്രമങ്ങൾ വർണ്ണനാതീതമാണ്. കൊള്ളയും കൊലയും വ്യാപകമായി. കൊട്ടാരങ്ങളും പട്ടണങ്ങളും കോട്ടകളും അഗ്നിക്കിരയാക്കി. നാടുമുഴുവൻ നാശക്കൂമ്പാരമായി മാറി.

എങ്ങും അരാജകത്വവും കലാപവും മാത്രം ശേഷിച്ചു. ക്രമേണ ശക്തരായവർ രാജ്യത്തിന്റെ ഭരണം കൈയ്യടക്കി. എതിർത്തവരേയും ചോദ്യം ചെയ്തവരേയുമെല്ലാം അവർ കൊന്നൊടുക്കി. രാജഭരണത്തെക്കാൾ ഭീകരമായ അവസ്ഥയായി. പുതിയ ഭരണാധിപന്മാർ മാർപാപ്പായെയും ബിഷപ്പുമാരെയും തടവിലാക്കി. മതാനുഷ്ഠാനങ്ങൾ നിരോധിച്ചു. വൈദികരെ കൊന്നൊടുക്കി. വിശ്വാസികളെ ജയലിൽ അടച്ചു. പള്ളികൾ, സെമിനാരികൾ, സ്ഥാപനങ്ങൾ പള്ളിയുടെ സ്വത്തുക്കൾ എല്ലാം തീവച്ചു നശിപ്പിക്കുകയോ കണ്ടുകെട്ടുകയോ ചെയ്തു. ബിഷപ്പുമാർ, വൈദികർ, സന്ന്യാസികൾ എല്ലാം കശാപ്പുചെയ്യപ്പെട്ടു. ദൈവനാമം ഉച്ചരിക്കാൻ പോലും പാടില്ലായിരുന്നു.

## ജനനവും ബാല്യവും

ഈ രാഷ്ട്രീയ ഇടപെടലുകൾ കൊണ്ടൊന്നും ക്രിസ്തീയ വിശ്വാസം നശിപ്പിക്കപ്പെട്ടില്ല. വിശ്വാസികൾ രഹസ്യമായി കളപ്പുരകളിലും കാലിത്തൊഴുത്തിലും


www.malankaralibrary.com

എല്ലാം സമ്മേളിച്ചു. വേഷപ്രച്ഛന്നരായി വൈദികർ ആദ്ധ്യാത്മിക ശുശ്രൂഷകൾ നടത്തി. നിരീശ്വര ആധിപത്യത്തിന്റെ അടിയിലും വിശ്വാസം അതിജീവിച്ചു. സ്കൂളുകളും സ്ഥാപനങ്ങളും പട്ടാളക്യാമ്പുകളാക്കിയിരുന്നതിനാൽ വിദ്യാഭ്യാസം പാടെ അപ്രത്യക്ഷമായി. ഫ്രഞ്ചു വിപ്ലവം പൊട്ടിപ്പുറപ്പെടുമ്പോൾ ജോൺ മേരി വിയാനിക്ക് മൂന്നു വയസ്സായിരുന്നു.

1786 മെയ് 8-ാം തീയതി ഫ്രാൻസിൽ ലിയോൺസ് പട്ടണത്തിനടുത്തുള്ള ഡാർഡ്‌ലി ഗ്രാമത്തിൽ അദ്ദേഹം ജനിച്ചു. കുന്നുകളും താഴ്‌വരകളും അരുവികളും നിറഞ്ഞ, സമാധാന പ്രിയരായ കൃഷിക്കാർ താമസിച്ചിരുന്ന ശാന്തമായ ഒരു ഗ്രാമമായിരുന്നു ഡാർഡ്‌ലി. അവിടെ അറിയപ്പെടുന്ന ഒരു നല്ല കുടുംബമായിരുന്നു വിയാനി. അദ്ധ്വാനശീലരായ ധനികരല്ലാത്ത ഔദാര്യഹൃദയരായ ആത്മീയതയുള്ള മാത്യു വിയാനിയും മരിയ ബെലൂസയും ആയിരുന്നു അദ്ദേഹത്തിന്റെ പിതാമതാക്കൾ. ജോൺ എന്നായിരുന്നു അദ്ദേഹത്തിന്റെ മാമ്മോദീസാ പേര്.

നേരത്തെ കണ്ടതുപോലെ പള്ളികളും സ്കൂളുകളും പട്ടാളക്യാമ്പുകളോ ആയുധശേഖരശാലകളോ ഒക്കെയാക്കി മാറ്റിയിരുന്നു. ഡാർഡിലിയിലെ ചെറിയ പള്ളിയും ഒരുപട്ടാള ക്യാമ്പ് ആക്കിയിരുന്നു. ദിവ്യബലിയോ മറ്റു തിരുക്കർമ്മങ്ങളോ നടന്നിരുന്നില്ല. പേടിച്ചരണ്ട ഗ്രാമീണർ ഒളി സങ്കേതങ്ങളിൽ സമ്മേളിച്ച് പ്രാർത്ഥന നടത്തിയിരു


www.malankaralibrary.com

ന്നു. വിയാനി കുടുംബം പ്രാർത്ഥിക്കുന്നതിനും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനുമായി ദൂരെയുള്ള ഒളിസങ്കേതങ്ങളിൽ പോയിരുന്നു. ചിലവൈദികർ കൂലിക്കാരുടെ വേഷത്തിൽ ചെന്ന് അവർക്കുവേണ്ടി ദിവ്യബലി അർപ്പിച്ചിരുന്നു. മാതാപിതാക്കൾ വീട്ടിൽവച്ച് കുട്ടികൾക്കു മതബോധനം നല്കി. 13-ാമത്തെ വയസ്സിൽ രഹസ്യമായി ജോൺ ആദ്യകുർബ്ബാന സ്വീകരിച്ചു.

സ്കൂളുകളൊന്നും ഇല്ലാതിരുന്നതിനാൽ ജോണിന് എഴുത്തും വായനയും പഠിക്കാനുള്ള സൗകര്യം ഒന്നും ഇല്ലായിരുന്നു. വീട്ടിലെ ആടിനെയും കന്നുകാലികളെയും മേയിക്കുകയായിരുന്നു ജോണിന്റെ ആകെയുണ്ടായിരുന്ന ജോലി. അവന് ഗ്രാമത്തിലെ സമപ്രായക്കാരായ ധാരാളം കൂട്ടുകാർ ഉണ്ടായിരുന്നു. ഒഴിവുകിട്ടുമ്പോൾ അവർ കുന്നിൻപുറങ്ങളിലൂടെയെല്ലാം കളിച്ചു നടന്നു. ജോൺ അവരുടെ നേതാവായിരുന്നു. എല്ലാ ദിവസവും കൂട്ടുകാരെ എല്ലാംകൂട്ടി ജപമാല ചൊല്ലുന്നത് അവൻ പതിവാക്കിയിരുന്നു. ചിലപ്പോൾ ജോൺ കമ്പുകൾ കൂട്ടിക്കെട്ടി കുരിശുണ്ടാക്കുകയും കളിമണ്ണുകൊണ്ട് മാതാവിന്റെ രൂപം മെനയുകയും അതിനു മുൻപിൽ പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. കുട്ടികൾചേർന്ന് അവരുടേതായ രീതിയിൽ പ്രദക്ഷിണങ്ങളും ആഘോഷങ്ങളും നടത്തിയിരുന്നു. ചെറുപ്പത്തിലേ തന്നെ ജോണിന് പ്രാർത്ഥനയോടു താല്പര്യമായിരുന്നു. അതിനുവേണ്ട സമയവും അവനു ലഭിച്ചിരുന്നു.




www.malankaralibrary.com

## വൈദികനാകാനുള്ള ആഗ്രഹം

മാതാപിതാക്കളോടും സഹോദരന്മാരോടുമൊപ്പം ജോണും കൃഷിസ്ഥലത്ത് പണി എടുത്തിരുന്നു. അവൻ ആരോഗ്യവാനും അദ്ധ്വാനശീലനും ആയിരുന്നു. അവന്റെ നല്ല സ്വഭാവവും മാന്യമായ പെരുമാറ്റവും ആകാര സൗന്ദര്യവും പെൺകുട്ടികളെ ആകർഷിച്ചു. ഒന്നിനുപുറകെ ഒന്നായി വിവാഹാലോചനകൾ വന്നു. എന്നാൽ വിവാഹജീവിതത്തോട് അവനു താല്പര്യം ഉണ്ടായിരുന്നില്ല. പീഡനങ്ങളുടെ ആ കാലത്ത് വിശ്വാസികളുടെ സേവനത്തിനു വേണ്ടി ജീവൻ അപകടത്തിലാക്കിയിരുന്ന വൈദികരെ ജോൺ കണ്ടിട്ടുണ്ടായിരുന്നു. വെല്ലുവിളി നിറഞ്ഞ ആജീവിതം അദ്ദേഹത്തെ ആകർഷിച്ചു.

ഒരു വൈദികനാകണമെന്ന് ഉള്ളിന്റെ ഉള്ളിൽ അദ്ദേഹം ആഗ്രഹിച്ചു. പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്ത തനിക്ക് വൈദികനാകുക എന്നത് അത്ര എളുപ്പമല്ലെന്ന് അദ്ദേഹം മനസ്സിലാക്കി. തന്റെ ആഗ്രഹം അമ്മയോട് പറഞ്ഞു. അവൾക്ക് അതുവളരെ സന്തോഷമുള്ള കാര്യമായിരുന്നു. കൃഷിസ്ഥലത്ത് തന്നോടൊത്ത് ജോലിയിൽ സഹായിക്കുവാനായി ജോണിനെ പ്രതീക്ഷിച്ചിരുന്ന പിതാവ് ആ ആശയത്തോടു യോജിച്ചില്ല. മാത്രമല്ല പരസ്യമായി പ്രാർത്ഥിക്കാൻ പോലും സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്ത് വൈദികനാകുക എന്നത് ഏറ്റം അപകടം നിറഞ്ഞതുമായിരുന്നു. ജോൺ പ്രാർത്ഥിച്ചു കാത്തിരുന്നു.


www.malankaralibrary.com



11. വി. ജോൺ വിയാനി

www.malankaralibrary.com

ഫ്രഞ്ചു രാഷ്ട്രീയത്തിൽ ഒരു വഴിതിരിവ് ഉണ്ടായി. നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രഞ്ച് സൈന്യത്തിന്റെ അധിപനായി. തന്റെ സൈന്യത്തിന്റെ സഹായത്തോടെ ഫ്രാൻസിന്റെ മേൽ ആധിപത്യം നേടി. സ്വയം ചക്രവർത്തിയായി പ്രഖ്യാപിച്ചു. നാട്ടിൽ വീണ്ടും സ്വാതന്ത്ര്യം ഉണ്ടായി. ബിഷപ്പുമാരും വൈദികരും ജയിലിൽ നിന്നു മോചിതരായി. സഭ വക സ്ഥാപനങ്ങൾ തിരികെ നല്കി. എന്നാൽ കാൽ നൂറ്റാണ്ടുകാലത്തെ അരാജകത്വവും അക്രമങ്ങളും സമൂഹത്തിന്റെ എല്ലാ മേഖലകളേയും അപകടകരമായി ബാധിച്ചു കഴിഞ്ഞിരുന്നു. വളരെ കുറച്ചു വൈദി. കർ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. സഭവകവസ്തുക്കൾ അന്യാധീനപ്പെട്ടുപോയിരുന്നു. സ്കൂളുകളോ സെമിനാരികളെ ഉണ്ടായിരുന്നില്ല. അതിനെല്ലാം ഉടനടി ഒരുപരിഹാരം കാണാൻ സാധ്യമായിരുന്നില്ലതാനും.

## സ്കൂളിൽ

ഡാർഡിലിയിൽ നിന്ന് അധികം ദൂരെയല്ലാതെ ഇക്കുള്ളിയിൽ ബെയ്ലി എന്നു പേരുള്ള ഒരു വൈദികനുണ്ടായിരുന്നു. തന്റെ വീട് ഒരു സെമിനാരിയാക്കാൻ അദ്ദേഹം തീരുമാനിച്ചു. വിവിധ വിഷയങ്ങൾ പഠിപ്പിക്കുവാൻ കഴിവുള്ള അദ്ധ്യാപകരെ കണ്ടെത്തുവാൻ അദ്ദേഹം ശ്രമിച്ചു. പലേ വർഷങ്ങളായി സ്കൂളുകൾ ഒന്നും ഇല്ലാതിരുന്നതിനാൽ സെമിനാരിയിൽ ചേരാൻ യോഗ്യതയുള്ള ചെറുപ്പക്കാരെ കണ്ടെത്തുക എളുപ്പമല്ലായിരിന്നു. അതുകൊണ്ട്


www.malankaralibrary.com



www.malankaralibrary.com
വി. ജോൺ വിയാനി

ആദ്യമായി ഫാദർ ബെയ്‌ലി പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഒരു സ്കൂൾ തുടങ്ങി. അതേക്കുറിച്ചു കേട്ടപ്പോൾ ജോണിന്റെ ആഗ്രഹം വീണ്ടും ഉണർന്നു. വീണ്ടും തന്റെ പിതാവിന്റെ മുൻപിൽ ആ വിഷയം അവതരിപ്പിച്ചു. അപ്പോഴേയ്ക്കും അപകട ഭീഷണികളെല്ലാം മാറിയിരുന്നതുകൊണ്ട് അപ്പൻ എതിർത്തില്ല. പ്രായം കുറച്ചു കൂടുതലായിരുന്നെങ്കിലും ജോണിന് സസന്തോഷം ഫാദർ ബെയ്‌ലി തന്റെ സ്കൂളിൽ പ്രവേശനം നല്കി. അദ്ദേഹത്തിന് ജോണിനെ നേരത്തെ അറിയാമായിരുന്നു. കാരണം ജോണിന്റെ അമ്മയുടെ വീട് ഈരാക്കുള്ളിയിൽ ആയിരുന്നു.' സ്കൂളിൽ ചേരുമ്പോൾ അദ്ദേഹത്തിനു 20 വയസ്സുണ്ടായിരുന്നു. ക്ലാസ്സിലെ ഏറ്റവും മുതിർന്ന ആളായിരുന്നു ജോൺ. മറ്റുകുട്ടികൾക്കെല്ലാം കുറച്ചു പ്രാഥമിക വിദ്യാഭ്യാസമെങ്കിലും കുടുംബങ്ങളിൽ നിന്നും കിട്ടിയിരുന്നു. എത്ര പരിശ്രമിച്ചിട്ടും ജോണിന് പാഠങ്ങൾ ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. ലത്തീൻ പഠനം അദ്ദേഹത്തിന് ഏറ്റം ദുഷ്കരമായിരുന്നു. വൈദീക പരിശീലനത്തിന് ലത്തീൻ ഏറ്റം പ്രധാനപ്പെട്ട ഒരു വിഷയമായിരുന്നു. ആരാധനക്രമവും പ്രാർത്ഥനകളും എല്ലാം ലത്തീനിൽ ആയിരുന്നതിനാൽ അതിൽ പ്രാവീണ്യമില്ലാതെ വൈദികനാകുക അസാദ്ധ്യമായിരുന്നു. അദ്ധ്യാപകർ പഠിച്ച പണി പതിനെട്ടും നോക്കി. ഫലമുണ്ടായില്ല. ജോണിനെ പഠിപ്പിക്കാൻ സഹപാഠികളെ ചുമതലപ്പെടുത്തി. അവസാനം അവരും കൈയൊഴിഞ്ഞു. അദ്ദേഹം കഠിനമായ ഉപവാ


www.malankaralibrary.com

സവും തപശ്ചര്യകളും അനുഷ്ഠിക്കാനും തുടങ്ങി. അത് അവന്റെ ആരോഗ്യത്തെ ബാധിക്കാൻ തുടങ്ങി. അതെത്തുടർന്ന് പ്രായശ്ചിത്തം ചെയ്യുന്നതിൽ നിന്ന് ഫാദർ ബെയ്‌ലി അവനെ വിലക്കി.

## ഫ്രഞ്ച് സൈന്യത്തിൽ

നെപ്പോളിയന്റെ കീഴിൽ ഫ്രാൻസ് വീണ്ടും ശക്തി പ്രാപിക്കുകയായിരുന്നു. യൂറോപ്പ് മുഴുവൻ ആക്രമിച്ചു കീഴടക്കാൻ നെപ്പോളിയൻ പദ്ധതിയിട്ടു. കുറെ യുദ്ധങ്ങൾ ജയിച്ചപ്പോൾ തുടർന്നു മുൻപോട്ടു പോകാൻ അതൊരു പ്രേരണയുമായി. അതിനുവേണ്ടി തന്റെ സൈന്യത്തെ വിപുലപ്പെടുത്തേണ്ടിയിരുന്നു. 18 നും 25 നും ഇടയ്ക്കു പ്രായമുള്ള എല്ലാ യുവാക്കന്മാരും സൈന്യത്തിൽ ചേരണമെന്ന് ചക്രവർത്തി വിളംബരം പുറപ്പെടുവിച്ചു. വൈദികർക്കോ സെമിനാരി വിദ്യാർത്ഥികൾക്കോ ആർക്കും ഒരു ഒഴിവുമുണ്ടായിരുന്നില്ല. 1809-ൽ ലയൺസിൽ നെപ്പോളിയന്റെ സൈന്യത്തിലേയ്ക്ക് ജോണും ചേർക്കപ്പെട്ടു. ആരോഗ്യം മോശമായിരുന്നെങ്കിലും പരിശീലനം ആരംഭിച്ചു. വളരെ കർശനമായ പരിശീലനം ആയിരുന്നു. കഠിനാദ്ധ്വാനം ചെയ്തു ശീലിച്ചിരുന്ന ജോണിന് അത് ഒരു പ്രശ്നമായിരുന്നില്ല. പക്ഷെ ക്യാമ്പിൽ പ്രാർത്ഥനയ്ക്കോ ദിവ്യബലിയ്ക്കോ ഉള്ള സൗകര്യം ഇല്ലായിരുന്നു. യുദ്ധം ചെയ്യാനും കൊല്ലാനും ഉള്ള പരിശീലനം മാത്രമായിരുന്നു അവിടെയുണ്ടായിരുന്നത്. അശ്ലീലമായ സംഭാഷണങ്ങളും



www.malankaralibrary.com

പെരുമാറ്റങ്ങളും ആയിരുന്നു ക്യാമ്പിലാകെ. അത് അവന് അറപ്പും വെറുപ്പും ഉളവാക്കി. ക്യാമ്പിൽ തുടർന്നാൽ വൈദികനാകുന്നതിനുള്ള ആഗ്രഹവും അവസരവും നഷ്ടപ്പെടുമോ എന്നുതന്നെ അവൻ ഭയപ്പെട്ടു.

## ഒളിച്ചോട്ടം

പട്ടാളക്യാമ്പിൽ നാലുമാസങ്ങൾ കഴിഞ്ഞു. ജോണിന് കലശലായ പനിപിടിച്ച് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെട്ടു. അങ്ങനെയെങ്കിലും കൂടുതൽ സമയം പ്രാർത്ഥനയിൽ ചെലവഴിക്കാൻ കഴിഞ്ഞിരുന്നതുകൊണ്ട് അവനു രോഗാവസ്ഥയിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാഴ്ചകൊണ്ട് ആരോഗ്യം വീണ്ടു കിട്ടി. വീണ്ടും പരിശീലന ക്യാമ്പിലേയ്ക്ക് പോകുന്ന കാര്യം ജോണിനു ഭയമായിരുന്നു. ഒരു വൈദികനാകണം അതു മാത്രമായിരുന്നു ജോണിന്റെ ആഗ്രഹം. രാത്രിയിലെ ഇരുട്ടിന്റെ മറയിൽ കിടക്കയും ചുരുട്ടി ഹോസ്പിറ്റലിൽനിന്ന് ജോൺ ഒളിച്ചോടി. തന്നെ അന്വേഷിച്ച് പോലീസ് എത്തും എന്ന് അറിയാമായിരുന്നതുകൊണ്ട് പ്രധാനവഴികൾ ഒഴിവാക്കി അവൻ യാത്രതുടർന്നു. പ്രഭാതമായപ്പോൾ താൻ എവിടെയാണ് എത്തിയിരിക്കുന്നത് എന്നതിനെ സംബന്ധിച്ച് ഒരുനിശ്ചയവും ഇല്ലായിരുന്നു. കുന്നുകളും പാടങ്ങളും എല്ലാം കടന്നു നടന്നു ക്ഷീണിച്ചവശനായപ്പോൾ അല്പം വിശ്രമിക്കാൻ ഒരു മരച്ചുവട്ടിൽ ഇരുന്നു ജപമാല ചൊല്ലാൻ തുടങ്ങി.



www.malankaralibrary.com

അപരിചിതനായ ഒരു ചെറുപ്പക്കാരൻ അപ്പോൾ സഹായകനായി അവിടെ എത്തി. അയാളുടെ കൂടെ ചെല്ലുവാൻ ജോണിനെ അയാൾ ക്ഷണിച്ചു. ലെ ഫോറെസ് എന്ന മലകെട്ടുകളും കടന്ന് ദീർഘദൂരം യാത്ര ചെയ്തു ലെസ്നോയസ് എന്ന ഗ്രാമത്തിൽ എത്തി. പട്ടാളക്യാമ്പിൽ നിന്നും സൈന്യത്തിൽ നിന്നും ഒളിച്ചോടിയവരുടെ ഒരു സങ്കേതമായിരുന്നു അത്. ഒറ്റപ്പെട്ട് ഉൾനാട്ടിലുള്ള മലകളാൽ ചുറ്റപ്പെട്ട ഒരു ഗ്രാമമായിരുന്നു അത്. തണുപ്പുകാലത്ത് അതു തീർത്തും ഒറ്റപ്പെട്ടിരുന്നു. മഞ്ഞെല്ലാം ഉരുകി കഴിയുമ്പോൾ പട്ടാളക്കാർ ഒളിച്ചോടിയവരെ തേടി അവിടെയും എത്തുമായിരുന്നു. ആ ഗ്രാമത്തിലെ ആളുകൾ പാവപ്പെട്ടവരും സമാധാന പ്രേമികളും ആയിരുന്നു. ജെറോം എന്ന ഒരു വ്യാജനാമത്തിൽ ക്ലാവുദീൻ ഫെയറ്റ് എന്ന വിധവയോടും കുട്ടികളോടുമൊത്ത് ജോൺ താമസമാക്കി. ആ സ്ത്രീ ജോണിനോടു വളരെ കരുണാപൂർവ്വം പെരുമാറി. പട്ടാളക്കാർ അന്വേഷണത്തിനു വന്നപ്പോൾ ദിവസങ്ങളോളം ഒരുവൈക്കോൽ പുരയിൽ ഒളിച്ചുകഴിയേണ്ടിവന്നു. അവസാനം ഹോസ്പിറ്റലിൽ നിന്നു രക്ഷപെട്ട് ഓടിയ ജോണിനെ തേടിയുള്ള അന്വേഷണം പട്ടാളക്കാർ ഉപേക്ഷിച്ചു. തന്നെ കണ്ടുകിട്ടാഞ്ഞതിനാൽ തന്റെ മാതാപിതാക്കളെ പട്ടാളം ഭീഷണിപ്പെടുത്തുകയും കനത്ത പിഴ ഈടാക്കുകയും ചെയ്തു എന്ന് പിന്നീട് അവൻ ക്ലാവുദീൻ വഴി അറിഞ്ഞു. താൻ സുരക്ഷിതനാണെന്നും നല്ല ആൾക്കാരുടെ കൂടെ



www.malankaralibrary.com

ആണെന്നും ക്ലാവുദീൻ വഴി മാതാപിതാക്കളെ അറിയിക്കാൻ പിന്നീട് ജോണിനു സാധിച്ചു. അതവർക്ക് വലിയ ആശ്വാസമായി. അവർ ദൈവത്തിനു നന്ദി പറഞ്ഞു.

വളരെ അധികം യുദ്ധങ്ങളിൽ നെപ്പോളിയൻ വിജയിച്ചു. ഫ്രാൻസിലെല്ലാം അതിന്റെ ആഘോഷമായിരുന്നു. 1810-ൽ ഒളിച്ചോടിയവർക്കും യുദ്ധത്തടവുകാർക്കും പൊതുമാപ്പ് നല്കിക്കൊണ്ട് ചക്രവർത്തിയുടെ വിളംബരം ഉണ്ടായി. 14 മാസം ജോൺ ഒളിവിൽ പാർത്തു. അവസാനം വീട്ടിൽ തിരിച്ചു പോകാൻ സ്വാതന്ത്ര്യമുണ്ടായി. നോയെസിലെ ആൾക്കാർക്ക് ജോണിനോട് വലിയ സ്നേഹമായിരുന്നു. അവനെ തിരിച്ചു വിടാൻ അവർക്ക് തീരെ ഇഷ്ടമില്ലായിരുന്നു. എങ്കിലും 1811 ജനുവരിയിൽ അവൻ തിരിച്ച് ഡാർഡ്ലിയിൽ എത്തി. പ്രിയപ്പെട്ടവരുമായുള്ള കൂടിക്കാഴ്ചയുടെ സന്തോഷം അധികം നീണ്ടു നിന്നില്ല. ഏതാനും മാസങ്ങൾക്കകം രോഗം പിടിപെട്ട് ജോണിന്റെ അമ്മ മരണമടഞ്ഞു.

## സെമിനാരിയിൽ

പട്ടാള സേവനത്തിനു ചേരണമെന്നു നിയമം വന്നപ്പോൾ ഫാദർ ബെയ്ലി സ്കൂൾ അടച്ചുപൂട്ടിയിരുന്നു. സ്കൂൾ വീണ്ടും തുറന്നപ്പോൾ ജോൺ പിന്നെയും സ്കൂളിൽ ചേർന്നു. പഠിക്കാനുള്ള ജോണിന്റെ ബുദ്ധിമുട്ടിനെ പ്രതി ബെയ്ലി ജോണിനെ തന്റെ കൂടെത്തന്നെ താമസിപ്പിച്ചു പഠിപ്പിച്ചു. തന്റെ നേരിട്ടുള്ള പരിശീലനത്തി



www.malankaralibrary.com

നുശേഷം 1812-ൽ ഫാദർ ബെയ്‌ലി അവനെ വെരേരെസിലുള്ള സെന്റ് ഇറനേവൂസ് സെമിനാരിയിലേക്ക് അയച്ചു. ജോണിന് അപ്പോൾ 27 വയസ്സുണ്ടായിരുന്നു. പല പ്രൊഫസർമാർമാരും ജോണിനേക്കാൾ ചെറുപ്പമായിരുന്നു. അവിടെയും ജോൺ പഠനത്തിൽ വളരെ പിന്നോക്കമായിരുന്നു. റെക്ടറും പ്രൊഫസർമാരും പ്രത്യേക പരിഗണന നല്കുകയും ട്യൂഷൻ കൊടുക്കുയും ഒക്കെ ചെയ്തിരുന്നെങ്കിലും സെമിനാരിയിലെ എല്ലാ പരീക്ഷകളിലും ജോൺ ദയനീയമായി പരാജയപ്പെട്ടു. പഠനം നിറുത്തി പെയ്ക്കൊള്ളുവാൻ ഓർഡർ കിട്ടി. അതു ജോണിനു വലിയ മനപ്രയാസവും ഇച്ഛാഭംഗവുമുണ്ടാക്കി. ഒരു വൈദികനാകാൻ അവൻ അതിയായി ആഗ്രഹിച്ചു. നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് തനിക്കതിനുള്ള കഴിവില്ലാത്തതിനാൽ ആ ആഗ്രഹം സാധിക്കുകയില്ലെന്ന് മനസ്സിലായി ജോൺ വീട്ടിലേയ്ക്ക് തിരിച്ചു പോയി.

എന്നിരുന്നാലും തോറ്റുകൊടുക്കാൻ ജോൺ തയ്യാറല്ലായിരുന്നു. ഒരു വൈദികനാകാനല്ല ദൈവഹിതമെങ്കിൽ ഒരു സന്ന്യാസസഹോദരനായി ദൈവസേവനം ചെയ്യുവാൻ അവൻ തീരുമാനിച്ചു. ലിയോൺസിൽ അത്തരമൊരു സഭയുണ്ടെന്ന് അവൻ കേട്ടിരുന്നു. വീട്ടിലേയ്ക്കു തിരിച്ചു പോകുന്ന വഴി എല്ലാ കാര്യങ്ങളും തന്റെഗുരുവും നിയന്താവുമായ ഫാദർ ബെയ്‌ലിയോടു പറഞ്ഞു. ഒരിക്കൽകൂടി പരിശ്രമിച്ചു നോക്കാൻ അദ്ദേഹം ജോണിനെ ഉപദേശിച്ചു. തന്റെ ഗുരുനാഥന്റെ സഹായത്തോടെ ജോൺ


www.malankaralibrary.com

ആ വെല്ലുവിളി സ്വീകരിച്ചു. തന്റെ കീഴിൽ തീവ്രമായ പരി ശീലനം നൽകിയശേഷം വൈദിക പദവിയിലേക്ക് അർത്ഥികളെ സ്വീകരിക്കുന്നതിന്റെ ചുമതലയുള്ള രൂപതാ സംഘത്തിന്റെ മുൻപിൽ ഫാദർ ബെയ്‌ലി ജോണിനെ എത്തിച്ചു. അവിടെ വച്ച് ഒരുപരീക്ഷയെ അഭിമുഖീകരി ക്കേണ്ടിയിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ. അവർ ചോദിച്ച ചോദ്യങ്ങൾ ഒന്നുപോലും ജോണിനു മനസ്സിലാ യില്ല. അവസാനത്തെ ആശയും നശിച്ചു. വൈദികനാകാൻ അദ്ദേഹം അപ്രാപ്തനാണെന്ന് വിധിയെഴുതപ്പെട്ടു.

## വൈദികനാകുന്നു

വിട്ടുകൊടുക്കാൻ ഫാദർ ബെയിലിയും തയ്യാറല്ലായി രുന്നു. ജോൺ ആരെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. പഠനത്തിൽ പിന്നോക്കമായിരുന്നെങ്കിലും വിശ്വാസ ത്തിലും ആത്മീയതയിലും അവൻ ഏറ്റവും മുൻപന്തിയി ലായിരുന്നു എന്നു ബെയ്‌ലിക്കുറപ്പായിരുന്നു. ഫാദർ ബെയ്‌ലി വീണ്ടും രൂപതാ സെലക്ഷൻ ബോർഡിനോട് അപേക്ഷിച്ചു. അന്നു രൂപതാ ഭരണം നടത്തിയിരുന്ന ലിയോൺസിന്റെ അഡ്മിനിസ്ട്രേറ്ററെ സമീപിച്ച് ജോണിനു വേണ്ടി വാദിച്ചു. എല്ലാവരും അംഗീകരിച്ചിരുന്ന ബുദ്ധിയും വിവേകവും ഉള്ള ഒരു വൈദികനായിരുന്നു ഫാദർ ബെയ്‌ലി. അദ്ദേഹത്തിന്റെ അഭ്യർത്ഥന നിരസി ക്കാൻ അവർക്കു ബുദ്ധിമുട്ടായിരുന്നു. അങ്ങനെ അവ സാനം ജോണിനെ പ്രൊമോട്ട് ചെയ്യാൻ ബോർഡ് തീരു


www.malankaralibrary.com

മാനിച്ചു. 1815 ആഗസ്റ്റ് 12-ന് സെമിനാരി ചാപ്പലിൽവച്ച് ബിഷപ് ഗ്രെനോബിൾ അദ്ദേഹത്തെ വൈദികനായി അഭിഷേകം ചെയ്തു. ഇക്കുള്ളി ഇടവകയിൽ ഫാദർ ബെയ്‌ലിയുടെ അസിസ്റ്റന്റ് ആയിത്തന്നെ അദ്ദേഹം ആദ്യം നിയമിക്കപ്പെട്ടു.

ഫാദർ ബെയ്‌ലി വാർദ്ധക്യം മൂലം ശാരീരികമായി വളരെ അവശനായിരുന്നു. ഇനി അധികകാലം തനിക്കില്ലെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ട് ഫാദർ ജോൺ അരികിൽതന്നെ ഉണ്ടായിരുന്നു. തന്റെ ശിഷ്യനിൽ നിന്ന് ഫാദർ ബെയ്‌ലി രോഗീലേപനം സ്വീകരിച്ചു. അതിനുശേഷം പിന്നീട് ഉപകരിച്ചേക്കും എന്നു പറഞ്ഞ് ശിഷ്യന് അദ്ദേഹം ഒരു സമ്മാനം നല്കി. 1817 ഡിസംബർ 17-ന് അദ്ദേഹം ശിഷ്യന്റെ കരങ്ങളിൽ കിടന്ന് അന്ത്യശ്വാസം വലിച്ചു. മുറിയിൽ തനിച്ചായപ്പോൾ ഫാദർ ജോൺ സമ്മാനപ്പൊതി തുറന്നു. ഫാദർ ബെയ്‌ലി സ്വയം പീഡിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ഒരു മുള്ളരഞ്ഞാണം ആയിരുന്നു അത്. മരിക്കുന്നതുവരെ ഫാദർ ജോൺ വിയാനി കൂടെക്കൂടെ അത് ഉപയോഗിച്ചിരുന്നു.

## ആർസിലെ വികാരി

1818-ൽ ലിയോൺസിൽ നിന്നും ഏകദേശം 30 മൈൽ അകലെയുള്ള ആർസിലെ വികാരിയായി ഫാദർ ജോൺ നിയമിക്കപ്പെട്ടു. ചുറ്റുപാടുകളിൽ നിന്നെല്ലാം ഒറ്റപ്പെട്ട ഒരു


www.malankaralibrary.com



ചെറിയ ഗ്രാമമായിരുന്നു ആർസ്. കഴുതപ്പുറത്ത് സാധനങ്ങൾ കൊണ്ടുപോകാനുപയോഗിച്ചരുന്ന ഒരു ഗ്രാമീണ പാതയല്ലാതെ റോഡുകൾ ഒന്നും ഉണ്ടായിരുന്നില്ല. ഒരു ചെറിയ ഇടവകദൈവാലയവും ഇടവക വികാരിയും നല്ല ഒരു ക്രിസ്തീയ സമൂഹവും ഒരുകാലത്ത് അവിടെ ഉണ്ടായിരുന്നതാണ്. വിപ്ലവകാലത്ത് ലഹളക്കാർ ഇടവക വൈദികനെ പിടിച്ച് നിർബന്ധമായി വൈദീക വൃത്തിയും വിശ്വാസവും ബലമായി തള്ളിപ്പറയിച്ചു. ഗ്രാമത്തിൽ ഒരു ആത്മീയ പരിപാടികൾക്കും അനുവാദമില്ലായിരുന്നു. പട്ടാളക്യാമ്പായും ഡാൻസുശാലയായും പള്ളി ഉപയോഗിച്ചു. നെപ്പോളിയൻ ഭരണം അറ്റെടുത്തപ്പോൾ സഭ സ്വാതന്ത്ര്യ


www.malankaralibrary.com

മായി എന്നുള്ളതു ശരിയായിരുന്നെങ്കിലും ജനങ്ങളുടെ ധാർമ്മികവും ആത്മീയവുമായ സുസ്ഥിതിയിൽ നെപ്പോളിയന് യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. നിർബന്ധിത സൈനിക സേവനം പ്രഖ്യാപിച്ചപ്പോൾ അതിനൊരു പ്രോത്സാഹനമായി പട്ടാളക്കാർക്ക് രസിക്കാൻവേണ്ടി നിശാസമ്മേളനങ്ങൾക്കും ഡാൻസുപാർട്ടികൾക്കും വേണ്ടി പള്ളിക്കെട്ടിടങ്ങളും സ്ഥാപനങ്ങളും പിടിച്ചെടുത്തുപയോഗിച്ചു. ആ അതിരില്ലാത്ത സ്വാതന്ത്ര്യവും സുഖഭോഗങ്ങളും ആളുകൾ ആസ്വദിച്ചു. സന്മാർഗ്ഗവും വിശ്വാസവും, ആത്മീയതയുമെല്ലാം കളഞ്ഞു കുളിച്ചു. അതായിരുന്നു ആർസിലെ അപ്പോഴത്തെ അവസ്ഥ.

## ശുദ്ധികലശം

സ്വന്തം കിടക്കയും സാധനങ്ങളും ചുമന്നു കൊണ്ടായിരുന്നു ജോൺവിയാനി ആർസിലെത്തിയത്. ഫാദർ ജോൺവിയാനി വികാരിയായി ആർസിലെത്തിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഒരു വൈദികന്റെ സാന്നിദ്ധ്യവും ഇടവക പ്രവർത്തനങ്ങളും ജനങ്ങളുടെ നിയന്ത്രണമില്ലാത്ത ജീവിതത്തിനു പ്രതിബന്ധമാകുമെന്നു മനസ്സിലാക്കിയ അവർ ആ നിയമനത്തെ എതിർത്തു. തന്റെ കിടക്കയും അല്പമായ സാധന സാമഗ്രികളുമായി കാൽ നടയായി ചെന്ന വൈദികൻ അവർക്ക് ഒരു ശല്യമായി അവർ കണക്കാക്കി. ആദ്യംതന്നെ അതു



www.malankaralibrary.com

വരെയും ദുരുപയോഗിച്ചിരുന്ന പള്ളിയും പരിസരങ്ങളും ം വൃത്തിയാക്കേണ്ടിയിരുന്നു. കുട്ടയും ചൂലുമായി ജോണച്ചൻ ഇറങ്ങിയപ്പോൾ അദ്ദേഹത്തെ സഹായിക്കാൻ ആരും മുൻപോട്ടു ചെന്നില്ല. പലദിവസങ്ങളിലെ കഠിനാദ്ധ്വാനത്തിനുശേഷം പള്ളി ദിവ്യബലി അർപ്പിക്കത്തക്കവിധമാക്കി. എല്ലാ ദിവസവും കൃത്യസമയത്ത് പള്ളിമണി അടിച്ചെങ്കിലും ആരും പള്ളിയിലേയ്ക്കു തിരിഞ്ഞു കയറിയില്ല. അദ്ദേഹം ആരുംവിളിക്കാതെ രോഗികളുണ്ടായിരുന്ന ഭവനങ്ങൾ സന്ദർശിച്ചു തുടങ്ങി. ഏതാനും പേർ അതോടെ ദിവ്യബലിയിൽ സംബന്ധിക്കാൻ വന്നു തുടങ്ങി. അദ്ദേഹം രോഗികളെയും പ്രായമായവരെയും സന്ദർശിച്ച് അവരെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ പ്രായമായവർക്ക് പള്ളിയിൽ വരാനും അച്ചനെ സന്ദർശിക്കാനും താത്പര്യമായി.

## മാറ്റത്തിനു തുടക്കം

പള്ളിയുടെ അടുത്തുള്ള രാത്രി സമ്മേളനങ്ങളേയും നൃത്തപരിപാടികളെയും ഫാദർ ജോൺ വിയാനി എതിർത്തു. അത് ചെറുപ്പക്കാരുടെ പ്രതിഷേധത്തിനും വിരോധത്തിനും കാരണമായി. അദ്ദേഹം അധികസമയവും പള്ളിയിൽ പ്രാർത്ഥനയിൽതന്നെ ചെലവഴിച്ചു. വ്യക്തിപരമായ തപസ്സും പ്രായശ്ചിത്തവും അനുഷ്ഠിച്ചു. സാവധാനമാണെങ്കിലും സാധാരണ ജനങ്ങളിൽ മാറ്റം കണ്ടുതുടങ്ങി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വളരെ ലളി


www.malankaralibrary.com

തമായിരുന്നു. എന്നാൽ അവ ജനങ്ങളെ മാനസാന്തരത്തിലേയ്ക്കു നയിക്കുന്നവയായിരുന്നു. ഞായറാഴ്ചകളിൽ മാത്രമല്ല മറ്റു ദിവസങ്ങളിലും പള്ളി നിറഞ്ഞ് ആളുകൾ വരാൻ തുടങ്ങി. ആർസിനു പുറത്തുള്ളവരും അദ്ദേഹത്തെക്കുറിച്ചു കേട്ടറിഞ്ഞ് പ്രാർത്ഥനയും ഉപദേശവും തേടി വന്നുതുടങ്ങി. പാപികളെ പശ്ചാത്താപത്തിലേയ്ക്കു നയിക്കാൻവേണ്ട ഒരുപ്രത്യേക സിദ്ധി അദ്ദേഹത്തിന് ഉണ്ടായിരുന്നു. 12 മുതൽ 16 വരെ മണിക്കൂറുകൾ ദിവസവും കുമ്പസാരക്കൂട്ടിൽ അദ്ദേഹത്തിനു ചെലവഴിക്കേണ്ടി വന്നു. ആർസ് അതോടെ പഴയ പാപത്തിന്റെയും നാശത്തിന്റെയും നാടല്ലാതായി. ഒരു എളിയ വൈദികന്റെ സാന്ത്വന സമീപനവും ലളിതജീവിതവും മൂലം അനുഗ്രഹത്തിന്റെയും ആശ്വാസത്തിന്റെയും ഒരു പ്രഭവസ്ഥാനമായിത്തീർന്നു ആർസ്.

## ദിനചര്യ

ജോൺ വിയാനിയുടെ ദിനചര്യ വളരെ കഠിനമായിരുന്നു. അദ്ദേഹത്തെ ഒന്നുകിൽ പള്ളിയിൽ മുട്ടിന്മേൽ അല്ലെങ്കിൽ കുമ്പസാരക്കൂട്ടിൽ കാണാമായിരുന്നു. എല്ലാ ദിവസവും ഇടവകയിലെ രോഗികളെ സന്ദർശിക്കാൻ അദ്ദേഹം കുറച്ചു സമയം കണ്ടെത്തിയിരുന്നു. രാവിലെ ദിവ്യബലിക്കുശേഷം തന്റെ അനുഗ്രഹം ചോദിച്ചു വരുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. അദ്ദേഹം രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ പലരും സുഖപ്പെട്ടിരുന്നു. താനല്ല, ഇട


www.malankaralibrary.com

വകയുടെ മദ്ധ്യസ്ഥയായിരുന്ന വി. ഫിലോമിനായുടെ മാദ്ധ്യസ്ഥം വഴി ദൈവമാണ് രോഗസൗഖ്യം നല്കുന്നത് എന്ന് ആളുകളെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചു.

ഇടവക വികാരി എന്ന നിലയിൽ തന്റെ ഇടവകയിലെ ജനങ്ങളുടെ സാമൂഹ്യ ആവശ്യങ്ങളുടെ നേരെ കണ്ണടയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. വിപ്ലവകാരികൾ സ്കൂളുകളെല്ലാം പണ്ടേ അടച്ചു പൂട്ടിയിരുന്നു. അതുകൊണ്ട് ആർസിൽ അദ്ദേഹം ഒരു സ്കൂൾ ആരംഭിച്ചു. നടത്തിക്കൊണ്ടു പോകുവാൻ നല്ല അദ്ധ്യാപകരെയും നിയമിച്ചു. ചുറ്റുമുള്ള ഗ്രാമങ്ങളിൽ നിന്നും കുട്ടികളെ ആർസിലെ സ്കൂളിൽ അയയ്ക്കാൻ തുടങ്ങിയതോടെ സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. അദ്ദേഹം ഒരു അനാഥശാലയും തുടങ്ങി. പാണ്ഡിത്യമില്ലാതെ ഔദാര്യം കൊണ്ടുമാത്രം വൈദികപട്ടം കിട്ടിയ ഒരു എളിയ വൈദികൻ മൂലം ആർസ് സജീവമായ ദൈവത്തിന്റെ ഒരു നാടായി തീർന്നു.

## എതിർപ്പുകൾ

ആർസ് ഫ്രാൻസിലെല്ലാം പ്രസിദ്ധമാകുകയായിരുന്നു. അദ്ദേഹത്തിനു ജനപ്രീതി വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തെ തടയുന്നതിനു മനപൂർവ്വമുള്ള ശ്രമങ്ങളും ഉയർന്നുവന്നു. ആർസിലെ തങ്ങളുടെ പിടിവിട്ടതുമൂലം ആഭാസന്മാരായ കുറ്റവാളികൾ ജോൺ വിയാനിയെയും


www.malankaralibrary.com

അദ്ദേഹത്തിന്റെ ക്ഷേമപ്രവർത്തനങ്ങളെയും തകർക്കാൻ ശ്രമിച്ചു. അപവാദങ്ങളും കുറ്റാരോപങ്ങളും ഉണ്ടായി. സ്വഭാവദൂഷ്യം പോലും അദ്ദേഹത്തിന്റെ മേൽ ആരോപിക്കപ്പെട്ടു. എന്നാൽ അവയ്ക്കൊന്നും അദ്ദേഹത്തെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല.

സ്വന്തം രൂപതയിലെ വൈദികരുടെ എതിർപ്പ് അതിലും രൂക്ഷമായിരുന്നു. കൗശലം പ്രയോഗിച്ച് ജോൺ വിയാനിയച്ചൻ ആളുകളെ വഴിതെറ്റിക്കുന്നതായി അവർ ആരോപിച്ചു. ജോൺ വിയാനിയ്ക്ക് അറിവുതീരെ ഇല്ലെന്നും ഒരു പുണ്യവാനായി ചമയുകയാണെന്നും അവർ വാദിച്ചു. ജോൺ വിയാനി പ്രത്യാക്രമണം നടത്താനോ സ്വയം നീതികരിക്കാനോ പോയില്ല. ഈ അവഹേളനങ്ങൾ അദ്ദേഹത്തെ ഒന്നുകൂടി വിനീതനാക്കി.

വാദപ്രതിവാദങ്ങളുമായി അദ്ദേഹത്തെ നേരിടാൻ വന്നവരും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ ശാന്തമായ പെരുമാറ്റം വഴി അവരെയെല്ലാം നിർവീര്യമാക്കി. അദ്ദേഹത്തെ സമീപിച്ചവരുടെ ഉള്ളുകള്ളികൾ മനസ്സിലാക്കുന്നുതിന് അദ്ദേഹത്തിനു പ്രത്യേക വരം സിദ്ധിച്ചിരുന്നു. ദുരുദ്ദേശത്തോടെ അദ്ദേഹത്തെ സമീപിച്ചവരുടെ ഉള്ളിലിരുപ്പ് തുറന്നു കാട്ടി അവരെ മാനസാന്തരത്തിലേയ്ക്കു നയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

സാവധാനം സത്യം വിജയിച്ചു. ആത്മീയ മാർഗ്ഗദർശനത്തിനും ഉപദേശത്തിനുമായി മെത്രാന്മാരും വൈദികരും


www.malankaralibrary.com



സന്ന്യാസികളും ജോൺവിയാനിയെ തേടിവന്നുതുടങ്ങി. അർപ്പണ ജീവിതത്തിൽ വിജയിക്കാൻ പ്രാർത്ഥനയും പ്രായശ്ചിത്തവും ആണ് മാർഗ്ഗമെന്ന് അദ്ദേഹം അവരെ ഉപദേശിച്ചു,

രാത്രികാല പാർട്ടികളുടെയും അധാർമ്മിക സമ്മേളനങ്ങളുടെയും രക്ഷാധികാരികളായിരുന്ന സാമൂഹ്യ ദ്രോഹികളുടെ എതിർപ്പ് തന്റെ ഇടവ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിനു നേരിടേണ്ടി വന്നിരുന്നു. അവരോട് അദ്ദേഹം


www.malankaralibrary.com

ക്ഷമാപൂർവ്വം പെരുമാറുകയും അതേസമയം പഴയനിയമ പ്രവാചകന്മാരേപ്പോലെ വരാനിരിക്കുന്ന ദൈവശിക്ഷയെക്കുറിച്ച് കഠിനമായ ഭാഷയിൽ ശകാരിക്കുകയും ചെയ്തിരുന്നു. കുറച്ചു സമയത്തേയ്ക്ക് അവർക്ക് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ തടയാൻ കഴിഞ്ഞു. അവസാനം അവർക്കു പരാജയം സമ്മതിക്കേണ്ടി വന്നു. അവരിൽ അധികം പേർക്കും മാനസാന്തരം ഉണ്ടായി.

## ബഹുമതികൾ തേടിയെത്തുന്നു

അദ്ദേഹം ഒരിക്കലും ബഹുമതി ആഗ്രഹിച്ചില്ല. എങ്കിലും അദ്ദേഹത്തിന്റെ നാമം ഫ്രാൻസിലെല്ലാം അറിയപ്പെട്ടു. ആർസിൽ ആരംഭിച്ച നവീകരണം ഫ്രാൻസിലെ സഭ മുഴുവനിലും പുറത്തേയ്ക്കും വ്യാപിച്ചു. ഈ സത്യം മനസ്സിലാക്കിയ സഭാ നേതൃത്വം ഫാദർ ജോൺ വിയാനിയെ ആദരിക്കണമെന്നു തീരുമാനിച്ചു. മോൺസിഞ്ഞോർ പദവി നല്കി ബെല്ലിയിലെ മെത്രാൻ അദ്ദേഹത്തെ ആദരിച്ചു. വിചിത്രമെന്നു പറയട്ടെ ആ പദവിയുടെ പ്രത്യേക ആനുകൂല്യങ്ങളെക്കുറിച്ച് ജോൺ വിയാനി അജ്ഞനായിരുന്നു. വിശേഷാവസരങ്ങളിൽ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുമ്പോൾ ഒരു വിശേഷ തിരുവസ്ത്രം കൂടുതൽ ധരിക്കണമെന്നും മാത്രം അദ്ദേഹത്തിന് അറിയാമായിരുന്നു.

ആ എളിയ വൈദികന്റെ ജീവിതവും ശുശ്രൂഷയും വഴി ഫ്രാൻസിലെ അറിയപ്പെടാത്ത ഒരു കുഗ്രാമമായിരുന്ന


www.malankaralibrary.com

ആർസ് സ്കൂളുകൾ, കോൺവെന്റ്, അനാഥശാല, നല്ല റോഡുകൾ എല്ലാം ഉള്ള ഒരു ടൗൺഷിപ്പ് ആയി വളർന്നു. വലിയ നേട്ടങ്ങൾ കൈവരിക്കുന്ന സാധാരണ പൗരന്മാർക്കു നല്കുന്ന 'ലോർഡ്ഷിപ്പ്' പദവി നല്കി ആദരിക്കാൻ ജോൺവിയാനിയെ സിവിൽ അധികാരികൾ യോഗ്യനായി കണ്ടു. 1855 ആഗസ്റ്റ് 15-ാം തീയതി അദ്ദേഹം 'ലോർഡ് ജോൺ മേരി വിയാനി'യായി. എന്നാൽ ഈ സ്ഥാനത്തിന്റെ ഔദ്യോഗിക വേഷം ആദ്യമായും അവസാനമായും അദ്ദേഹം ധരിച്ചത് ശവമഞ്ചത്തിൽ കിടന്നപ്പോഴായിരുന്നു.

## നിത്യതയിലേയ്ക്കുള്ള യാത്ര

കഠിനാദ്ധ്വാനവും തപസും ജോൺവിയാനിയുടെ ആരോഗ്യത്തെ സാരമായി ബാധിച്ചു. ഈസ്റ്റർ തിരുക്കർമ്മങ്ങൾക്കിടയിൽ പള്ളിയിൽ വച്ച് അദ്ദേഹം ബോധം കെട്ടു വീണു. ഡോക്ടർമാർ പരിപൂർണ്ണ വിശ്രമം നിർദ്ദേശിച്ചു. വീട്ടിൽ പോയി വിശ്രമിക്കുവാൻ മെത്രാൻ ഉപദേശിച്ചു. ശാരീരിക പ്രായശ്ചിത്തങ്ങൾ ചെയ്യുന്നതും ബിഷപ്പ് വിലക്കി. അദ്ദേഹം ഡാർഡ്‌ലിയിൽ സ്വന്തം വീട്ടിൽ പോയെങ്കിലും ഗുണമൊന്നും ഉണ്ടായില്ല. ആളുകൾ അദ്ദേഹത്തെ തേടി ഡാർഡ്‌ലിയിലേയ്ക്കു പ്രവഹിച്ചു. തന്റെ താമസം മൂലം സഹോദരനും കുടുംബാംഗങ്ങൾക്കും ഉണ്ടാകുന്ന അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും പരിഗണിച്ച് അദ്ദേഹം ആർസിലേയ്ക്കു തന്നെ മടങ്ങി. അദ്ദേഹത്തിന്റെ തിരിച്ചു വരവ് ആർസ് നിവാസികൾ ആഘോഷമായി കൊണ്ടാടി.


www.malankaralibrary.com



ഈ ലോകത്തോടു വിടപറയേണ്ട സമയം അടുത്തിരിക്കുന്നു എന്ന് ജോൺ വിയാനിക്കു മനസ്സിലായി. ഓരോ സ്ഥാപനവും അനുയോജ്യരായ ആളുകളെ ഏല്പിച്ചു. 1859 ജൂലൈ 29-ാം തീയതി പള്ളിയിൽവച്ച് വീണ്ടും അദ്ദേഹം കുഴഞ്ഞു വീണു. ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് രോഗീലേപനവും തിരുപ്പാഥേയവും നല്കപ്പെട്ടു. അദ്ദേഹം ശാന്തമായി മരണത്തിന് ഒരുങ്ങുകയായിരുന്നു. ജോണച്ചൻ ഒന്നിനൊന്ന് ക്ഷീണിതനായിക്കൊണ്ടിരുന്നു. അവസാനം 1859 ആഗസ്റ്റ് 4-ാം തീയതി ധാരാളം പേർ ചുറ്റിലും പ്രാർത്ഥിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന്റെ പാവനാത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. രാജ്യം മുഴുവൻ വിലപിച്ചു. ആർസ് അക്ഷരാർത്ഥത്തിൽ കണ്ണീരിൽ കുതിർന്നു. ആയിരങ്ങൾ ആർസിലേക്കു പ്രവഹിച്ചു. ബെല്ലിയിലെ ബിഷപ്പ് സംസ്ക്കാര കർമ്മങ്ങൾക്കു നേതൃത്വം വഹിച്ചു. ആർസിലെ ഇടവക ദേവാലയത്തിൽ ഫാദർ മരിയ ജോൺ വിയാനിയുടെ പൂജ്യവശിഷ്ടം സംസ്ക്കരിക്കപ്പെട്ടു.



www.malankaralibrary.com

## അനന്തരം

അദ്ദേഹം ഉറപ്പായിട്ടും ദൈവത്തിന്റെ പക്കൽ എത്തിയിരിക്കുന്നു എന്നു വിശ്വസിച്ച ജനം തുടരെ തുടരെ അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചിരുന്നു. ജീവിതകാലത്തും അതിലും അധികമായി മരണശേഷവും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥതയിൽ അത്ഭുതങ്ങൾ നടന്നുകൊണ്ടിരുന്നു. ശാസ്ത്രത്തിന് വിശദീകരിക്കാൻ പറ്റാത്ത പല അത്ഭുതങ്ങളും ജീവിതകാലത്തു തന്നെ നടന്നതായി രേഖപ്പെടുത്തപ്പെട്ടിരുന്നു. നാമകരണത്തിനുള്ള ശുപാർശയുമായി ഇതിന്റെയെല്ലാം റിപ്പോർട്ട് ബല്ലിയിലെ ബിഷപ്പ് പരിശുദ്ധ സിംഹാസനത്തിന് അയച്ചു. 1905 ജനുവരി 8-ാം തീയതി പത്താം പീയൂസ് പാപ്പാ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. 1921 മെയ് 31-ാം തീയതി പതിനൊന്നാം പീയൂസ് പാപ്പാ അദ്ദേഹത്തെ വിശുദ്ധനായി നാമകരണം ചെയ്തു.

**സാർവ്വത്രികസഭയിൽ വി.ജോൺ മരിയ വിയാനി അജപാലകരുടെ പ്രത്യേകിച്ച് രൂപതാ വൈദികരുടെ പ്രത്യേക മദ്ധ്യസ്ഥനാണ്.**

**ആഗസ്റ്റ് 4-ന് വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ആചരിക്കപ്പെടുന്നു.**



www.malankaralibrary.com

# നമ്മുടെ സ്വന്തം വിശുദ്ധർ



INSPIRATIIONAL READINGS

ആത്മീയതയിൽ ആഴപ്പെടാൻ ആഗ്രഹിക്കുന്നവർക്കും,
വിശുദ്ധിയിൽ വളരാൻ വഴിതേടുന്നവർക്കും,
വിശ്വാസത്തിൽ ഉറപ്പിന് ഉത്തരം തേടുന്നവർക്കും
പാഠപുസ്തകമാണ് വിശുദ്ധരുടെ ജീവചരിത്രം.
ഇതാ, നമുക്കു പരിചിതരായ

## 50 വിശുദ്ധരുടെ ജീവചരിത്ര സംഗ്രഹം

ഇംഗ്ലീഷിലും മലയാളത്തിലും.
കുട്ടികൾക്കും വളരുന്ന തലമുറയ്ക്കും
നൽകാവുന്ന ഉചിതമായ സമ്മാനം.
സമ്മാന പായ്ക്കറ്റുകളിൽ ലഭിക്കുന്നു.

ലഭിക്കുന്നതിന് : 9447173543, 9495874764, 9605155000

www.malankaralibrary.com



# വി. ജോൺ വിയാനി

പ്രാർത്ഥനയും വ്യക്തിപരമായ പ്രായശ്ചിത്തവും വഴി, ലൗകായതികതയിൽ മുഴുകിയിരുന്ന ഫ്രാൻസിലെ ആർസ് ഇടവകയിലെ ക്രിസ്തീയ ജീവിതത്തെ പുനരുദ്ധരിച്ചു. എളിയവനും ലളിതനുമായ ഒരു ഇടവക വൈദികനായിരുന്നു ജോൺ മരിയ വിയാനി. ജീവിച്ചിരുന്നപ്പോഴും മരണശേഷവും അദ്ദേഹത്തിന്റെ പ്രാർത്ഥനവഴി അത്ഭുതങ്ങൾ നടന്നു. പൗരോഹിത്യത്തിന്റെ അത്ഭുതങ്ങൾ വി. കുർബ്ബാനയും കുമ്പസാരക്കൂടും ആണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. പരിശുദ്ധ അമ്മയോടുള്ള അദ്ദേഹത്തിന്റെ ഭക്തി പ്രസിദ്ധമാണ്. സഭയും രാഷ്ട്രവും വിശുദ്ധനായ ഈ വൈദികനെ ആദരിക്കുവാൻ മുന്നോട്ടു വന്നു.



www.malankaralibrary.com